ഉത്തരം

(എ) അന്തർജില്ലാ സ്ഥലംമാറ്റത്തിന് ഏറ്റവും ചുരുങ്ങിയത് നിയമനം നേടിയ ജില്ലയിൽ അഞ്ച് വർഷത്തെ സേവനം പൂർത്തിയാക്കിയിരിക്കണം. എന്നാൽ ഇടുക്കി, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലേക്ക് സ്ഥലംമാറ്റത്തിന് അഞ്ച് വർഷം സേവനം വേണമെന്ന് നിർബന്ധമില്ല. സർവ്വീസ് ദൈർഘ്യം കൂടുതൽ ഉള്ളവർക്കാണ് മുൻഗണന നൽകുന്നത്. അദ്ധ്യാപകർക്ക് അവരവർ കൈകാര്യം ചെയ്യുന്ന വിഷയങ്ങളിൽ ഉള്ള ഒഴിവിലേക്ക് സ്ഥലംമാറ്റം നൽകുകയുള്ളൂ. സർവ്വീസ് ദൈർഘ്യ വ്യവസ്ഥ ജവാന്റെ ആശ്രിതർക്ക് ബാധകമല്ല.

(ബി) ഓരോ ജില്ലയിലും ഓരോ വർഷവും സ്റ്റാഫ് ഫിക്സേഷൻ അടിസ്ഥാനമാക്കി 'നെറ്റ് വേക്കൻസി' കണക്കാക്കി അതിന്റെ 30 ശതമാനമാണ് അന്തർജില്ലാ സ്ഥലംമാറ്റത്തിന് നീക്കിവയ്ക്കുന്നത്.

(സി) 99-2000 വർഷത്തെ ഒഴിവുകൾ കണക്കാക്കിയിട്ടില്ല.

(ഡി) പത്തനംതിട്ട ജില്ലയിൽ എച്ച്.എസ്.എ. നാച്ചുറൽ സയൻസിൽ ഒരു ഒഴിവുണ്ട്. നിലവിലുള്ളത് തേക്കുന്തോട് ഗവ. ഹൈസ്കൂളിലും, കോട്ടയം ജില്ലയിലെ നാച്ചുറൽ സയൻസിൽ രണ്ട് ഒഴിവുള്ളത് ഗവ. ഹൈസ്കൂൾ മുരിക്കുംവയലിലും, ഗവ. ഹൈസ്ക്കൂൾ ടി.വി. പുരത്തുമാണ്. 99-2000 വർഷത്തെ സ്റ്റാഫ് ഫിക്സേഷൻ കഴിഞ്ഞാലെ ഒഴിവുകൾ കണക്കാക്കാൻ കഴിയുകയുള്ളൂ.

(ഇ) പത്തനംതിട്ടയിലെ ഒരു ഒഴിവിലേയ്ക്ക് 9 അദ്ധ്യാപകരും, കോട്ടയം ജില്ലയിലെ രണ്ട് ഒഴിവിലേയ്ക്ക് 16 അദ്ധ്യാപകരും സ്ഥലംമാറ്റത്തിന് ഡി.പി.ഐ.യ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. (ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.)†+

(എഫ്)പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പരിഗണനയിലാണ്.

156 (3169) പ്രൈമറി സ്കൂൾ അദ്ധ്യാപക നിയമനം

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും പൊതുമരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ടി.ടിസി. യോഗ്യതയുള്ളവരെ മാത്രം എൽ.പി. സ്കൂളുകളിലും, യു.പി.സ്കൂളുകളിൽ ടി.ടി.സി. കാരോടൊപ്പം . ബി.എഡ്. കാരേയും അദ്ധ്യാപകരായി നിയമിക്കുവാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത ഉത്തരവ് അടിയന്തിരമായി പുറപ്പെടുവിക്കുവാൻ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ഇല്ല. ഇപ്പോൾ ഇക്കാര്യം പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിഗണനയിലിരിക്കുകയാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പബ്ലിക് സർവ്വീസ് കമ്മീഷന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

157 (3170) സംസ്കൃത അദ്ധ്യാപകരുടെ പാർട്ട്ടൈം സർവ്വീസ്

ശ്രീ. സത്യൻ മൊകേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹിന്ദി പാർട്ട് ടൈം അദ്ധ്യാപകരുടെ പാർട്ട്ടൈം സർവ്വീസ് ഹയർ ഗ്രേഡിന് വേണ്ടി പരിഗണിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഈ ആനുകൂല്യം സംസ്കൃത അദ്ധ്യാപകർക്ക് ലഭിക്കുന്നില്ലെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്കൃത അദ്ധ്യാപകർക്കുകൂടി ഈ ആനുകൂല്യം നൽകി പരാതി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) ബാധകമല്ല.

158 (3171) പ്രൈമറി ഹൈസ്കൂൾ അദ്ധ്യാപകരെ ഹയർ സെക്കണ്ടറി സ്കൂളിൽ നിയമിക്കാൻ നടപടി

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിയമിക്കപ്പെടുന്നതിന് യോഗ്യരായ സർവ്വീസിലുള്ള എൽ.പി., യു.പി. ഹൈസ്കൂൾ അദ്ധ്യാപകരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഏതൊക്കെ വിഷയങ്ങൾക്ക് സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ബോട്ടണി, സുവോളജി, ഇംഗ്ലീഷ് എന്നീ വിഷയങ്ങളുടെ സീനിയോറിറ്റി ലിസ്റ്റിന്റെ ഒരു കോപ്പി ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത ലിസ്റ്റിൽനിന്ന് അദ്ധ്യപകരെ നിയമിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇംഗ്ലീഷ്, മലയാളം, ഹിന്ദി, തമിഴ്, അറബി, കന്നഡ, സംസ്കൃതം, ഫിസിക്സ്, കെമിസ്ട്രി, ബോട്ടണി, സുവോളജി, മാത്തമാറ്റിക്സ്, ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി, കമ്പ്യൂട്ടർ സയൻസ്, എന്നീ വിഷയങ്ങൾക്ക് ലിസ്റ്റ് നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly